**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 958** — **31-01-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ കീഴിൽ എത്ര ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വനം വകുപ്പിന്റെ കീഴിൽ 71 ഇക്കോടൂറിസം കേന്ദ്രങ്ങൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ ടൂറിസം ഡിപ്പാർട്ടുമെന്റുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കാമോ? | (ബി) | വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും പ്രസ്തുത കേന്ദ്രങ്ങളിലെ ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനും ടൂറിസം വകുപ്പിന് കീഴിലുള്ള ഇക്കോടൂറിസം ഡയറക്ടറേറ്റിന്റെ സഹകരണം ലഭ്യമാക്കുന്നുണ്ട്. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വനം വകുപ്പിന് കീഴിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾ ബന്ധപ്പെട്ട വന സംരക്ഷണ സമിതികൾ (VSSs) / ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (EDCs) മുഖേനയാണ് പ്രവർത്തിച്ച് വരുന്നത്. എന്നാൽ വനം വകുപ്പിന് കീഴിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾ ടൂറിസം ഡിപ്പാർട്ടുമെന്റുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ